# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 11/2019(21), ചൊവ്വാഴ്ച — തീയ്യതി 12.03.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 13.03.2019 | 14.03.2019 | 15.03.2019 | 16.03.2019 | 17.03.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 2 | 4 | 3 | 5 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 90 | 92 | 88 | 89 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 41 | 35 | 40 | 37 | 41 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 35 | 70 | 90 | 60 | 57 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | - | അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽനിന്ന് മൂന്ന്മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക്ചുറ്റും തടിയിൽനിന്നും രണ്ട്മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനുമുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25കി.ഗ്രാം എന്നതോതിൽ ഓരോവർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| വാഴ | - | ഇലപ്പുള്ളി രോഗം | ഈ പ്രത്യേക കാലാവസ്ഥയിൽ വാഴയിൽ ഇലപുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ (പയർ,കോവൽ) | കായ്ക്കുന്ന പരുവം | മുഞ്ഞ | അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ പച്ചക്കറികളിൽ മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം പത്തു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| മൃഗസംരക്ഷണം | വയറ്റിലുണ്ടാകുന്ന അധിക അമ്ലതയും, ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നമായതിനാൽ അത് ഒഴിവാക്കാനായി 30 ഗ്രാം സോഡ പൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്തു ദിവസവും നൽകുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |